# സമഗ്ര പൊതുജനാരോഗ്യം വീണ്ടെടുക്കൽ : നടപടിക്കായുള്ള ആഹ്വാനം

**[Embargoed for public online launch until 23.59 GMT Monday 30th November 2020]**

ജനങ്ങളുടെ സഹകരണവും പൊതുവിശ്വാസവും രൂപീകരിക്കുന്നതിനും കോവിഡ് -19 മഹാമാരിക്കെതിരായ ഫലപ്രദമായ ഇടപെടലുകൾക്ക് നഷ്ടമായ അവസരങ്ങളെ കുറിച്ചും ,തത്ഫലമായി ലോകത്തെമ്പാടുമുള്ള ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളും അവകാശലംഘനങ്ങളും 'സമഗ്രമായ പൊതുജനാരോഗ്യം വീണ്ടെടുക്കൽ' *"(Reclaiming comprehensive public health)"* എന്നതിനെ ഉദ്ധരിച്ച് മറ്റുള്ളവർ ഉന്നയിച്ച ആശങ്കകൾ ഞങ്ങളും ആവർത്തിക്കുന്നു.

കോവിഡ്-19 നെ സംബന്ധിച് ഐക്യരാഷ്ട്ര സഭയുടെ പ്രത്യേക സമ്മേളനത്തിൽ പങ്കെടുക്കുന്ന രാജ്യങ്ങളുടെയും, സർക്കാരുകളുടെയും തലവന്മാരോടും, പ്രതികരണം രൂപപ്പെടുത്തുന്നതിൽ ഉൾപ്പെട്ട എല്ലാവരോടും, മഹാമാരിയെ നേരിടുമ്പോൾ സമഗ്രവും, നീതിയുക്തവും, പങ്കാളിത്തപരവുമായ പൊതുജനാരോഗ്യ സമീപനങ്ങൾ സ്വീകരിക്കണം എന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ഈ സമീപനങ്ങൾ നീതിയുക്തമായി വൈവിധ്യമാർന്ന വിജ്ഞാനസ്രോതസ്സുകളുടെയും, വിഷയങ്ങളുടെയും, കഴിവുകളുടെയും അടിസ്ഥാനത്തിലാവുകയും മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കുകയും, ഇനി പറയുന്ന തത്വങ്ങളുടെയും, സമീപനങ്ങളുടെയും അടിസ്ഥാനത്തിൽ കോവിഡ്-19 മഹാമാരിയെയും ഭാവിയിൽ ഉടലെടുക്കാൻ സാധ്യത ഉള്ള പൊതുജനാരോഗ്യ അടിയന്തര സാഹചര്യങ്ങളെയെയും നിയന്ത്രിക്കാനാവുന്നതാവണം.

1. രാജ്യങ്ങൾക്കകത്തും രാജ്യാന്തരതലത്തിലും **സഹകരണം, പങ്കാളിത്തം, നയസംവാദം, ആശയവിനിമയം, ഐക്യദാർഢ്യം** എന്നിവ അടിസ്ഥാനമാക്കി സമഗ്ര പൊതുജനാരോഗ്യ ഇടപെടലുകൾ സഹകരിച്ചു വികസിപ്പിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക എന്നത് ഭൂരിപക്ഷ ജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനും ഗുണപരമായ നേട്ടങ്ങൾക്കും ഏറ്റവും ഫലപ്രദവും നീതിയുക്തവുമായ അടിസ്ഥാന തത്വമാണ്.

2. *സന്ദർഭോചിതമായ മഹാമാരി ലഘൂകരണ പ്രതികരണങ്ങൾ വികസിപ്പിക്കുന്നതിനും സഹരൂപകല്പന ചെയ്യുന്നതിനും ,സഹനടത്തിപ്പിനും നിരീക്ഷണത്തിനും സമൂഹങ്ങൾ നൽകുന്ന നിർണായക സംഭാവന തിരിച്ചറിയുക.* ആരോഗ്യ പ്രവർത്തകരുടെയും , മുൻനിര പ്രവർത്തകരുടെയും അവരുടെ സംഘടനകളുടെയും, സാമൂഹിക നേതാക്കളുടെയും, സാമൂഹിക സംഘടനകളുടെയും, വിഭിന്നമായ സമൂഹങ്ങൾ പ്രത്യേകിച്ച് , പാർശ്വവത്കരിക്കപ്പെട്ടവരോ, ദുർബലരോ, രോഗ സാധ്യത കൂടുതൽ ഉള്ളവരോ ആയവരുടെ അർത്ഥവത്തും, സജീവവുമായ ഇടപെടൽ, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക.

3. വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിച്ച *സമയബന്ധിതവും ,കൃത്യവും ,പ്രാപ്യവും വേർതിരിക്കപ്പെട്ടതുമായ വിവരങ്ങൾ പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കുക.* മഹാമാരിയുടെ മോഡലിംഗ്, ആതുരത, മരണനിരക്ക്, സാമൂഹിക വിതരണം പരിമിതികൾ ,വൈവിധ്യമാർന്ന വിശകലനം ,ഇത്തരം വിവരങ്ങളുടെ വ്യാഖ്യാനങ്ങൾ എന്നിവ ഉൾപ്പടെയും, കൂടാതെ പ്രതികരണ നടപടികൾക്കായി ,,വിന്യസിച്ച വിഭവങ്ങളും പ്രവർത്തനങ്ങളുടെ പരിണിതഫലങ്ങളെയും കുറിച്ചുള്ള വിശ്വസിനീയമായ വിവരങ്ങൾ സുതാര്യമായി അവലോകനം ചെയ്യുക . വിവിധ മേഖലകളിൽ നിന്നും, സമൂഹങ്ങളിൽ നിന്നും, പദ്ധതി നടത്തിപ്പുകാരിൽ നിന്നമുള്ള അറിവുകളെയും പ്രമാണങ്ങളെയും മതിക്കുകയും അവ ഉപയോഗിച്ച് നടപടികൾ രൂപകൽപന ചെയ്യുന്നതിലും, ആശയവിനിമയം നടത്തുന്നതിലും ,വിലയിരുത്തുന്നതിലും, അവയുടെ ഫലപ്രാപ്തി, തുല്യത, സ്വീകാര്യത ഏറ്റെടുക്കൽ എന്നിവയിൽപ്രാദേശിക ഉടമസ്ഥാവകാശം ഉറപ്പിക്കുകയും ചെയ്യുക. നിയമനിർമാണ സഭയും, സാമൂഹ്യ സംഘടനകളും നടത്തുന്ന പ്രതികരണങ്ങളുടെ ***സ്വതന്ത്രവും സുതാര്യവുമായ അവലോകനവും*** മേൽനോട്ടവും ഉറപ്പാക്കുക.

4. ജനസമൂഹങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സർവത്രികവും നീതിയുക്തവുമായ സാമൂഹികാരോഗ്യ പദ്ധതി *ലക്ഷ്യങ്ങൾ* പൊതുമേഖലയുടെയും സ്വകാര്യ മേഖലയുടെയും സഹകരണത്തോടെ *പ്രാദേശിക പശ്ചാത്തലങ്ങൾക്ക് അനുസൃതമായി വ്യക്തമായ നിർവ്വചിക്കുക.* ലിംഗസമത്വവും ,സാമൂഹ്യ തുല്യതയും, പങ്കാളിത്തവും സുഗമമാക്കുന്ന നടപടികളിലൂടെയും ,സമുദായങ്ങൾക്കും, പദ്ധതി നടത്തിപ്പുകാർക്കും, സ്ഥാപനങ്ങൾക്കും, അധികാരികൾക്കും ഇടയിൽ വിശ്വാസവും പങ്കാളിത്തവും വളർത്തിയെടുക്കുയും നിലനിർത്തുകയും ചെയ്യുന്ന നടപടികളിലൂടെയും പ്രാദേശിക സാഹചര്യങ്ങൾക്കും, സന്ദർഭങ്ങൾക്കും, സംസ്കാരങ്ങൾക്കും, പ്രമാണങ്ങൾക്കും, വിശ്വാസങ്ങൾക്കും, അറിവുകൾക്കും **അനുസ്യതമായി പൊതുജനാരോഗ്യ മാർഗനിർദേശങ്ങളെ തയ്യാറാക്കുക .**

5. ***പൊതുജനാരോഗ്യ പ്രതികരണങ്ങളിൽ നിയന്ത്രണശക്തിയുള്ള സൈനികവൽക്കരിക്കപ്പെട്ട ഇടപെടലുകൾ, വിവേചനപരമായ നടപടികൾ അല്ലെങ്കിൽ അന്തസ്സിനെ ദുർബലപ്പെടുത്തുന്ന പ്രവർത്തികൾ*** ഒഴിവാക്കുന്നതോടൊപ്പം, ക്രിമിനൽ നിയമങ്ങൾ ഉൾപ്പെടെയുള്ള ദേശീയ നിയമങ്ങളും നടപടികളും അന്താരാഷ്ട്ര, പ്രാദേശിക മനുഷ്യാവകാശ ഉടമ്പടികളും, അന്താരാഷ്ട്ര ആരോഗ്യ നിയന്ത്രണങ്ങളും അംഗീകരിക്കുകയും, പാലിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. മഹാമാരി തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ ലഘൂകരിക്കുന്നതിനോ ഉള്ള നടപടികൾ പ്രയോഗിക്കുമ്പോൾ **ഒരു ഹാനിയും ചെയ്യരുത്.** ഭയമോ, ഉത്കണ്ഠയോ പ്രചോദിപ്പിക്കരുത് വിവേചനം കാണിക്കുകയോ, മുദ്രകുത്തുകയോ ,അപമാനിക്കുകയോ കുടിയൊഴിപ്പിക്കൽ ,

അനിയന്ത്രിതമായ ബന്ധനം, തടങ്കലിൽ വയ്ക്കൽ, എന്നിവ ഉൾപ്പടെ സ്വാതന്ത്ര്യത്തെ പരിമിത പെടുത്തുകയോ , മറ്റു തരത്തിലുള്ള അടിച്ചമർത്തലുകളോ ചെയ്യരുത്.

6. പൊതുജനാരോഗ്യത്തിനും സുരക്ഷയ്ക്കും ഭീഷണിയായ വ്യക്തി *സ്വാതന്ത്ര്യങ്ങൾക്ക് മേലുള്ള ഏതൊരു നിയന്ത്രണങ്ങളും* ഐക്യരാഷ്ട്രസഭയുടെ സിറാക്കുസ തത്വങ്ങൾക്ക് അനുസൃതമാണ് *എന്ന് ഉറപ്പാക്കുക*. പൊതുജനാരോഗ്യം എന്ന ഉദ്ദേശ്യത്തോടുകൂടി അവ വ്യക്തവും, നിയമാനുസൃതവും, ആനുപാതികവും, ശാസ്ത്രീയവുമായിരിക്കണം. സാമൂഹിക പങ്കാളിത്തത്തോടെ, നിയന്ത്രണങ്ങൾ വികസിപ്പിച്ചെടുക്കണം. അത് ഏറ്റവും കുറഞ്ഞ അളവിലും, ഫലപ്രദവുമായ ബദലും മുൻ കരുതൽ തത്വത്തെ അടിസ്ഥാനമാക്കിയതും, ഈ നടപടികൾപരിമിതമായ കാലയളവിലേക്കുള്ളതും, അവലോകനത്തിന് വിധേയമായതും മാനുഷിക അന്തസ്സിനെ ബഹുമാനിച്ചും പ്രയോഗിക്കേണ്ടതാണ്.

7. *ആരോഗ്യ പ്രവർത്തകർക്കും ,മറ്റു മുൻനിര പ്രവർത്തകർക്കും ,അവരുടെ കുടുംബങ്ങൾക്കും* , സാധാരണ തൊഴിലാളികൾ, കരാർ തൊഴിലാളികൾ ,സാമൂഹിക ആരോഗ്യ തൊഴിലാളികൾ, സന്നദ്ധസേവകർ ഉള്പ്പടെയുള്ളവരെ സംരക്ഷിക്കുക പിന്തുണക്കുക. സുരക്ഷിതവും സൗകര്യപ്രദവുമായ തൊഴിൽ സാഹചര്യങ്ങൾ നൽകുക, വ്യക്തിഗത സംരക്ഷണ ഉപകരണങ്ങളും (പിപിഇ) അണുബാധ നിയന്ത്രണ നടപടികളും, കൃത്യവും സമയബന്ധിതവുമായ വിവരങ്ങൾ, മാർഗ്ഗനിർദ്ദേശം, പരിശീലനം എന്നിവയക്കുള്ള അവസരവും, സൗജന്യ പരിശോധനയും, ചികിത്സ, മാനസിക പിന്തുണയും, ഒപ്പം ജോലിസ്ഥലത്ത് പരിക്കേറ്റാൽ നഷ്ടപരിഹാരവും സാമൂഹിക സുരക്ഷയും ഉറപ്പുനൽകുക.

8. *മഹാമാരി വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി എല്ലാ ആളുകൾക്കും പ്രത്യേകിച്ച് ഏറ്റവും ദുർബലരായവർക്കും സുരക്ഷിതമായും നീതിയുക്തമായും അവശ്യ ആരോഗ്യ ഉത്പന്നങ്ങള് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുക* . വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ ,രോഗനിർണയ ഉപാധികൾ , ചികിത്സകൾ , പ്രതിരോധ കുത്തിവയ്പ്പുകൾ, അനുബന്ധ സാങ്കതിക വിദ്യകൾ എന്നിവ ആഗോള പൊതു ഉത്പന്നങ്ങളായി ലഭ്യമാക്കുക **.പ്രാദേശിക ഉല്പാദനത്തിനും പൗരസാങ്കേതികകതയ്ക്കുമുള്ള ശേഷി പ്രോത്സാഹിപ്പിക്കുക**, **നിക്ഷേപിക്കുക**, **ശക്തിപെടുത്തുക**. ആരോഗ്യ ഉന്നമനത്തിനും, പ്രതിരോധത്തിനും, പരിചരണത്തിനും, ഒപ്പം ഭക്ഷ്യ സുരക്ഷാ, സാമൂഹ്യ സുരക്ഷാ എന്നിവക്കായുള്ള പദ്ധതി നവീകരണത്തിനുമുള്ള കഴിവുകളെയും പിന്തുണയ്ക്കുക. മഹാമാരി നിയന്ത്രണത്തിനുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകൾ സൗജന്യമാണെന്നും എല്ലാവർക്കും പ്രാപ്യമാണെന്നും, സിറാക്കൂസ തത്വങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യാവകാശങ്ങളെ ബഹുമാനിക്കുന്നുവെന്നും മറ്റ് ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നില്ലെന്നും ഉറപ്പാക്കുക.

9. *രോഗസാധ്യതയുടെയും സാമൂഹ്യ ദുർബലതയുടെയും സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ നിർണ്ണയങ്ങളെ അഭിസംബോധന ചെയ്യുന്നതിനും ഭക്ഷണം, വെള്ളം, ശുചിത്വം എന്നിവയുൾപ്പെടെ കോവിഡ് –19 നിയന്ത്രിക്കാനുള്ള ശ്രമങ്ങളിൽ അവകാശങ്ങളും ഉപജീവനവും നിയന്ത്രിതമായിരിക്കുന്ന എല്ലാ ആളുകൾക്കും സമഗ്രവും സാമൂഹികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നതിന്* ബഹു-മേഖലാ നടപടികൾ, അഭയം, ഉപജീവനമാർഗങ്ങൾ, വിദ്യാഭ്യാസം, ഡിജിറ്റൽ ആക്സസ്, പ്രതിരോധവും പരിചരണവും ഉൾപ്പെടെയുള്ള ആരോഗ്യ സേവനങ്ങൾ, മാനസികാരോഗ്യ ആശങ്കകൾ, ഏകാന്തത, ലിംഗഭേദം, മറ്റ് തരത്തിലുള്ള അധിക്ഷേപം എന്നിവ പരിഹരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള മാർഗങ്ങളും ഉൾപ്പെടുത്തണം. അത്തരം പ്രവർത്തനങ്ങളുടെ ആഘാതം അളക്കുന്നതിനും ബാധിതർക്ക് ശബ്ദം നൽകുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യങ്ങൾ പരസ്യമായി റിപ്പോർട്ടുചെയ്യുന്നതിനും വിലയിരുത്തുന്നതിനും സാമൂഹ്യ സംഘടനകൾ, മാധ്യമങ്ങൾ, സഭകൾ എന്നിവയെ പ്രാപ്തമാക്കുക.

10. *സമഗ്രമായ പൊതുജനാരോഗ്യം, ആരോഗ്യ പരിരക്ഷ, സാമൂഹിക സംരക്ഷണം,* ഗവേഷണത്തിനും വികസനത്തിനും പ്രാദേശികം മുതൽ ആഗോള തലം വരെ മുകളിൽ സൂചിപ്പിച്ച തത്വങ്ങളെയും, സമീപനങ്ങളെയും പിന്തുണയ്ക്കുന്ന സംവിധാനങ്ങൾക്ക് *വർദ്ധിച്ചതും സുസ്ഥിരവും തുല്യവുമായ ധനസഹായം ഉറപ്പാക്കുക.*

ഈ തത്വങ്ങളും സമീപനങ്ങളും പ്രാദേശികം മുതൽ ആഗോള തലം വരെയുള്ള നിയമങ്ങൾ, മാനദണ്ഡങ്ങൾ, സംവിധാനങ്ങൾ, പദ്ധതികൾ ,പ്രവർത്തനങ്ങൾ എന്നിവയെ ഉൾകൊള്ളുന്നതും അന്താരാഷ്ട്ര ആരോഗ്യ നിയന്ത്രണങ്ങളിലേക്കും സിറാക്കൂസ തത്വങ്ങളിലേക്കും ഭാവി അപ്ഡേറ്റുകളിൽ പ്രതിഫലിക്കുകയും വേണം. ഞങ്ങളുടെ ഭാഗത്ത് നിന്ന്, ചുവടെയുള്ള കരാറിൽ ഉൾപ്പെട്ട ആൾ എന്ന നിലയിൽ ഞങ്ങൾ ഈ തത്വങ്ങളും സമീപനങ്ങളും സാക്ഷാത്കരിക്കുന്നതിന് പ്രതിജ്ഞാബദ്ധരാണ്, അങ്ങനെ ചെയ്യുന്നതിന് ഞങ്ങളോടൊപ്പം ചേരാൻ മറ്റുള്ളവരെ ക്ഷണിക്കുന്നു.

പേര്    വ്യക്തി കൂടാതെ/ അല്ലെങ്കിൽ സംഘടന    രാജ്യം /മേഖലാ